REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-11-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ബിഹാർ മുഖ്യമന്ത്രിയായി പത്താം തവണയും JDU നേതാവ് നിതീഷ് കുമാർ രാവിലെ പട്നയിൽ സത്യപ്രതിജ്ഞ ചെയ്യും.**
- **56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശീല ഉയരും.**
- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് ഇന്നലെ വരെ 28,841 പേർ പത്രിക നൽകി. പത്രികാ സമർപ്പണത്തിന് സമയപരിധി നാളെ അവസാനിക്കും.**
- **UAE പൗരന്മാരുടെ വിസ ഓൺ അറൈവൽ സംവിധാനം, കൊച്ചി,കരിപ്പൂർ, അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ കൂടി.**
- **സിഡ്നിയിൽ ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരങ്ങൾക്ക് മുന്നേറ്റം.**

## വാർത്തകൾ വിശദമായി

ബിഹാർ മുഖ്യമന്ത്രിയായി പത്താം തവണയും JDU നേതാവ് നിതീഷ് കുമാർ രാവിലെ സത്യപ്രതിജ്ഞ ചെയ്യും. പട്നയിലെ ഗാന്ധി മൈതാനിൽ രാവിലെ 11.30നാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, കേന്ദ്രമന്ത്രിമാർ, NDA ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നിവരടക്കം നിരവധി പ്രമുഖർ പങ്കെടുക്കും. ഇന്നലെ പട്നയിൽ ചേർന്ന യോഗം NDA നിയമസഭാ കക്ഷി നേതാവായി നിതീഷ് കുമാറിനെ തിരഞ്ഞെടുത്തു. തുടർന്ന് ഗവർണറെ കണ്ട് NDA നേതാക്കൾ ഗവൺമെന്റ് രൂപീകരണത്തിന് അവകാശവാദ മുന്നയിക്കുകയായിരുന്നു.

✪✪✪

56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് ഗോവയിൽ തിരശീല ഉയരും. 81 രാജ്യങ്ങളിൽ നിന്ന് 240 ചലച്ചിത്രങ്ങൾ ഒമ്പത് ദിവസത്തെ മേളയിൽ പ്രദർശനത്തിനെത്തും.

ബ്രസീലിയൻ ചിത്രമായ ദി ബ്ലൂ ട്രെയിലാണ് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയുടെ ഉദ്ഘാടന ചിത്രം. മർഗോവയിലെ രവീന്ദ്ര ഭവനിൽ ഈ ചലച്ചിത്രം പ്രദർശിപ്പിക്കുന്നതോടെ മേളയ്ക്ക് തുടക്കമാകും.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

ഇന്ത്യൻ പനോരമ വിഭാഗത്തിൽ 25 ഫീച്ചർ ഫിലിമുകളും, 20 നോൺ ഫീച്ചർ ഫിലിമുകളും, അഞ്ച് നവാഗത ഫീച്ചർ ഫിലിമുകളും പ്രദർശിപ്പിക്കും. തമിഴ് ചിത്രം 'അമരൻ', നോൺ ഫീച്ചർ വിഭാഗത്തിൽ ഹിന്ദി ചിത്രം 'കാകോരി' എന്നിവ ഉദ്ഘാടന ചിത്രങ്ങളായി പ്രദർശിപ്പിക്കും.

ഇത്തവണത്തെ ഫോക്കസ് കൺട്രി ജപ്പാനും, പങ്കാളിത്തരാജ്യം സ്പെയിനുമാണ്. ഓസ്ട്രേലിയാണ് സ്പോട്ട്ലൈറ്റ് കൺട്രി.

ഈ വർഷവും യൂണിസെഫിനൊപ്പം ബാല്യത്തിന്റെ മുഖങ്ങളും പ്രശ്നസങ്കീർണതകളും അവതരിപ്പിക്കുന്ന അഞ്ച് ചിത്രങ്ങൾ മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തമിഴ് ചിത്രമായ കടൽ കന്നി, ബംഗാളി ചിത്രം പുതുൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വേവ്സ് ഫിലിം ബസാർ, സിനിം AI ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഈ മാസം 28 വരെയാണ് ചലച്ചിത്രമേള.

✪✪✪

നിയമസഭകൾ പാസാക്കുന്ന ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സമയപരിധി നിശ്ചയിക്കുന്നതിന്റെ നിയമവശങ്ങളെ പറ്റി രാഷ്ട്രപതി ദ്രൗപദി മുർമു ഉന്നയിച്ച റഫറൻസിന് സുപ്രീംകോടതി ഇന്ന് മറുപടി നൽകും. ഭരണഘടനാപരമായി ഗവർണർമാർക്ക് ഈ നടപടിക്ക് സമയപരിധി നിശ്ചയിക്കാത്ത സാഹചര്യത്തിലാണ് രാഷ്ട്രപതി സുപ്രീം കോടതിയോട് അഭിപ്രായം തേടിയത്. ചീഫ് ജസ്റ്റിസ് BR ഗവായ് - യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഭരണഘടനാ ബഞ്ചാണ് മറുപടി നൽകുന്നത്. കേരളവും തമിഴ്നാടും ഉൾപ്പെടെ പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളാണ് സമയപരിധി ആവശ്യം ഉന്നയിച്ച് സുപ്രീംകോടതിയിൽ ഹർജി നൽകിയത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി G20 നേതൃത്വ ഉച്ചകോടിയിൽ പങ്കെടുക്കാൻ നാളെ ദക്ഷിണാഫ്രിക്കയിലെ ജോന്നാസ് ബർഗിലെത്തും. G20യുമായി ബന്ധപ്പെട്ട ഇന്ത്യയുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രധാനമന്ത്രി ഉച്ചകോടിയിൽ അവതരിപ്പിക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഉച്ചകോടിയുടെ മൂന്ന് സെഷനുകളിലും അദ്ദേഹം സംസാരിക്കും. ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക, നേതാക്കളുടെ യോഗത്തിലും നരേന്ദ്രമോദി സംബന്ധിക്കും.

✪✪✪

സഹകരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും ശക്തമായ മാധ്യമ മായി നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർ പ്പറേഷൻ മാറിയതായി കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ NCDC യുടെ 92-ാമത് ജനറൽ കൗൺസിൽ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സഹകരണ സ്ഥാപനങ്ങൾക്ക് NCDC-യുടെ സാമ്പത്തിക സഹായം ഇപ്പോൾ 95,000 കോടി രൂപയിലധികമായിട്ടുണ്ടെന്ന് അമിത് ഷാ പറഞ്ഞു.

✪✪✪

അരിവാൾ രോഗത്തിനെതിരായ രാജ്യത്തെ ആദ്യ തദ്ദേശീയ CRISPR അധിഷ്ഠിത ജീൻ തെറാപ്പി 'ബിർസ 101' കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിംഗ് പുറത്തിറക്കി. രാജ്യം അരിവാൾ രോഗമുക്തമാക്കുന്ന നിർണായക യാത്ര ഔദ്യോഗികമായി ആരംഭിച്ചതായും ഇത് രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ ഒരു ചരിത്രപരമായ വഴി ത്തിരിവാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

പുതിയ തെറാപ്പി ഭഗവാൻ ബിർസ മുണ്ടയ്ക്കാണ് സമർപ്പിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ശക്തമായി. തിരഞ്ഞെടുപ്പ് കൺവെൻഷനുകളും, വീടുകൾ തോറും കയറിയിറങ്ങി പ്രചാരണവും സജീവമാണ്.

തദ്ദേശ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രികാ സമർപ്പണത്തിന്റെ സമയപരിധി നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് അവസാനിക്കും. ഇന്നലെ വരെ 28,841 പേർ പത്രിക ലഭിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 4,400 പേർ പത്രിക നൽകിയ തൃശൂർ ജില്ലയാണ് മുന്നിൽ. 535 പേർ മാത്രം പത്രിക നൽകിയ ഇടുക്കിയിലാണ് കുറവ് സ്ഥാനാർത്ഥികൾ.

മറ്റന്നാളാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. ഈ മാസം 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളിലാണ് വോട്ടെടുപ്പ്. 13ന് വോട്ടെണ്ണും.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ സംസ്ഥാനത്തെ എന്യൂമറേഷൻ ഫോം വിതരണം 99 ശതമാനം പിന്നിട്ടതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ അറിയിച്ചു. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 60,344 ആയെന്നും ഡോ. ഖേൽക്കർ പറഞ്ഞു.

✪✪✪

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി കാസർകോട് ജില്ലയിൽ ഹരിത തെരഞ്ഞെടുപ്പ് റീൽസ് മത്സരം സംഘടിപ്പിക്കുന്നു. തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾ, ഉദ്യോഗസ്ഥർ, പ്രിന്റിംഗ് പ്രസുകൾ, പൊതുജനങ്ങൾ, എന്നിവർ ഹരിത ചട്ടം പാലിക്കണം എന്ന സന്ദേശം സാമൂഹ്യമാധ്യമങ്ങളിൽ വഴി പ്രചരിപ്പിക്കുകയെന്ന ലക്ഷ്യ ത്തോടെയാണ് ജില്ലാ ശുചിത്വ മിഷൻ നേതൃത്വത്തിൽ മത്സരം സംഘടിപ്പിക്കുന്നത്. അടുത്ത മാസം 5 വരെ റീലുകൾ സമർപ്പിക്കാം.

✪✪✪

UAE പൗരന്മാരുടെ വിസ ഓൺ അറൈവൽ സംവിധാനം, കൊച്ചി, കരിപ്പൂർ, അഹമ്മദാബാദ് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ കൂടി ഏർപ്പെടുത്തി. ഇതോടെ ഇന്ത്യയിലെ ഒമ്പത് പ്രധാന എൻട്രി പോയന്റുകളിൽ UAE സ്വദേശികൾക്ക് വിസ ഓൺ അറൈവൽ സംവിധാനം ലഭ്യമാകും. ഇന്ത്യൻ E-വിസയോ, പേപ്പർ വിസയോ നേരത്തെ ലഭിച്ച UAE പൗരന്മാർക്കാണ് ഈ സംവിധാനം. മാതാപിതാക്കൾ പാകിസ്താനിൽ ജനിച്ചവരോ സ്ഥിരതാമസക്കാരോ ആണെങ്കിൽ ഈ സംവിധാനം ലഭ്യമാകില്ല.

✪✪✪

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് ഈ മാസം 16ന് വൈകിട്ട് നട തുറന്ന ശേഷം ഇതുവരെ മൂന്ന് ലക്ഷത്തോളം ഭക്തർ ദർശനത്തിനെത്തിയതായി അധികൃതർ അറിയിച്ചു. വെർച്ച്വൽ ക്യൂ വഴിയെത്തുന്ന എല്ലാ ഭക്തർക്കും സുഗമ ദർശനം ഉറപ്പാക്കുമെന്ന് ADGP, S ശ്രീജിത്ത് സന്നിധാനത്ത് പറഞ്ഞു. ബുക്ക് ചെയ്തെത്തുന്നവർക്ക് ദർശനം ലഭിക്കാത്ത പക്ഷം പൊലീസിനെ അറിയിച്ചാൽ സൗകര്യം ഒരുക്കുമെന്ന് അദ്ദേഹം അറിയിച്ചു.

ഇന്ന് മുതൽ ഈ മാസം 24 വരെ വെർച്ച്വൽ ക്യൂ വഴി 70,000 പേർക്കും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേർക്കും ദർശനാവസരം ഒരുക്കണമെന്ന് ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ട്. നിലയ്ക്കലിൽ നിന്ന് വെർച്ച്വൽ ക്യൂ പാസോ, സ്പോട്ട് പാസോ ഇല്ലാത്തവരെ സന്നിധാനത്തേക്ക് അയക്കരുതെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

സിഡ്നിയിൽ ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരങ്ങൾക്ക് മുന്നേറ്റം. ലക്ഷ്യ സെൻ, HS പ്രണോയ്, കിഡംബി ശ്രീകാന്ത് എന്നിവർ രണ്ടാം റൗണ്ടിലെത്തി. പുരുഷ സിംഗിൾസ് ഓപ്പണിങ് റൗണ്ട് മത്സരത്തിൽ വിജയിച്ച് ആയുഷ് ഷെട്ടിയും, തരുൺ മന്നെപ്പള്ളിയും പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള-മധ്യപ്രദേശ് മത്സരം സമനിലയിൽ പിരിഞ്ഞു. ഇൻഡോറിൽ 404 വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ മധ്യപ്രദേശ് എട്ട് വിക്കറ്റിന് 167 റൺസെടുത്തു. നേരത്തെ കേരളം  അഞ്ച് വിക്കറ്റിന് 314 റൺസെടുത്ത് രണ്ടാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തിരുന്നു.

✪✪✪

കണ്ണൂരിൽ സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്നലെ  രാത്രി കണ്ണൂർ വാരിയേഴ്സ് FC മലപ്പുറം FC മത്സരം സമനിലയിൽ. ഇരുടീമുകളും രണ്ട് ഗോൾ വീതം നേടി.

കണ്ണൂരിൽ നിന്ന് KO. ശശിധരൻ ...

...വോയ്സ്.....

ഒന്നാം പകുതിക്ക് ശേഷം ഇന്നലെ രാത്രി 45 മിനുറ്റ് മഴ തടസപ്പെടുത്തിയ കളിയുടെ ഗതിവിഗതികൾ അറിയാനായി ഗ്യാലറി വിടാതെ ഒരു മണിക്കൂർ കാത്തിരുന്നു കണ്ണൂരിലെ ഫുട്ബോൾ ആരാധകർ. കണ്ണൂരിന് വേണ്ടി മുഹമ്മദ് സിനാനും മുഹമ്മദ് നിദാൽ സൈദും ഗോൾ നേടിയപ്പോൾ മലപ്പുറത്തിന് വേണ്ടി അബ്ദുൽ ഹക്കുവും എയ്റ്റർ അൽദാലിറും ഓരോ ഗോൾ വീതം നേടി.

ഏഴ് മത്സരങ്ങൾ പൂർത്തിയാക്കിയ ഇരുടീമുകളും രണ്ട് വിജയവും നാല് സമനിലയും ഒരു തോൽവിയുമായി പത്ത് പോയിന്റ് സ്വന്തമാകി. ഗോൾ വ്യത്യാസത്തിൽ മലപ്പുറം നാലും കണ്ണൂർ അഞ്ചാം സ്ഥാനത്തുമാണ്. ഈ മാസം 23 ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ  കണ്ണൂർ വാരിയേഴ്സ്  ഫോഴ്സ കൊച്ചിയെ നേരിടും.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ ചിലയിടങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ഒരിടത്തും ജാഗ്രതാ നിർദേശമില്ല. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

ലക്ഷദ്വീപ് തീരത്ത് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ മുറജപത്തിന് ഇന്ന് തുടക്കമാകും. ക്ഷേത്രത്തിന്റെ നാലുനടകളിലും ഇതിനായി വേദമണ്ഡപം തുറന്നു.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയാക്കോട്...

.......വോയ്സ്.....

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ആറ് വർഷത്തിലൊരിക്കൽ നടക്കുന്ന മുറജപത്തിൽ പതിവുള്ള ഋക്, യജുർ, സാമവേദങ്ങളുടെ ജപത്തിന് പുറമെ ഇക്കുറി അഥർവവേദം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മുറ അവസാനിക്കുന്ന എട്ടാം ദിവസം രാത്രി 8.30-ന് നടക്കുന്ന മുറശീവേലിക്ക് ക്ഷേത്രംസ്ഥാനി മൂലം തിരുനാൾ രാമവർമ അകമ്പടി പോകും.

ദിവസവും ജപം കഴിഞ്ഞ് ജപക്കാർക്ക് എട്ടരയോഗം പോറ്റിമാരാണ് ദക്ഷിണ നൽകുന്നത്. ശൃംഗേരി, ഉടുപ്പി, ഉത്രാദി, കാഞ്ചീപുരം എന്നീ മഠങ്ങളിൽനിന്നുള്ള സന്ന്യാസിമാർക്ക് പുറമെ ഹൈദരാബാദിലുള്ള ചിന്നജീയർ സ്വാമിയും മുറജപത്തിൽ പങ്കെടുക്കും.

കേരളത്തിൽനിന്ന് ആഴ്വാഞ്ചേരി തമ്പ്രാക്കൾ, തിരുനാവായ, തൃശ്ശൂർ വാധ്യാന്മാർ, കൈമുക്ക്, പന്തൽ, കപ്ലിങ്ങാട്, ചെറുമുക്ക് വൈദികർ എന്നിവർ മുറജപത്തിനെത്തും.

താന്ത്രികമായ പൂജകൾ തരണനല്ലൂർ നമ്പൂതിരിമാർ നിർവഹിക്കും. മുറജപത്തിന്റെ ഭാഗമായി 'വന്ദേ പദ്മനാഭം' എന്ന പേരിൽ നടക്കുന്ന കലാപരിപാടികൾ തെലുങ്ക് നടൻ റാണാ ദഗ്ഗുബതി നാളെ വൈകുന്നേരം ഉദ്ഘാടനം ചെയ്യും. മുറജപം-ലക്ഷദീപം ചടങ്ങിന് ഇത്തവണ ആറുകോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

✪✪✪

പൊതു വിദ്യാലയങ്ങളിലെ ഒമ്പത് മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ദേശീയ കലാ ഉത്സവിന്റെ സംസ്ഥാനതല മത്സരം ഇന്ന് കോഴിക്കോട്ട് ആരംഭിക്കും. കണ്ടംകുളം ജൂബിലി ഹാളിൽ ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും.

12 ഇനങ്ങളിലാണ് മത്സരം. സംസ്ഥാനതലത്തിൽ ജേതാക്കളാകുന്നവർ അടുത്തമാസം പൂനെയിലെ ദേശീയ കലോത്സവത്തിൽ കേരളത്തെ പ്രതിനിധീകരിക്കും.

✪✪✪

സർവവിജ്ഞാനകോശം മുൻ അസിസ്റ്റന്റ് എഡിറ്ററും കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രം മുൻഅസിസ്റ്റന്റ് ഡയറക്ടറുമായ S. കൃഷ്ണകുമാർ നിര്യാതനായി. 58 വയസ്സായിരുന്നു. നെയ്യാറ്റിൻകര സ്വദേശിയാണ്.

✪✪✪

കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി ജനറൽ വിഭാഗത്തിൽ കണ്ണൂർ നോർത്ത് ഉപജില്ല മുന്നേറ്റം തുടരുന്നു. UP ജനറൽ വിഭാഗത്തിൽ പാനൂർ ഉപജില്ലയാണ് മുന്നിൽ. സ്കൂൾ വിഭാഗത്തിൽ മമ്പറം ഹയർസെക്കൻഡറി ആണ് ഒന്നാം സ്ഥാനത്ത്.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRT: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*